**പ്രധാനമന്ത്രി റഷ്യൻ ഫെഡറേഷൻ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി (സെപ്റ്റംബർ 01, 2025)**

സെപ്തംബർ 01, 2025

ചൈനയിലെ ടിയാൻജിനിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിക്കിടെ ശ്രീ. നരേന്ദ്ര മോദി ഇന്ന് റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തി.

2. സാമ്പത്തികം, ധനകാര്യം, ഊർജം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്യുകയും ഈ മേഖലകളിലെ ഉഭയകക്ഷി ബന്ധങ്ങളിലെ സുസ്ഥിരമായ വളർച്ചയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

3. യുക്രെയ്നുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ സംഭവവികാസങ്ങൾ ഉൾപ്പെടെയുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു. യുക്രെയ്ൻ സംഘർഷം പരിഹരിക്കാൻ അടുത്തിടെ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് പ്രധാനമന്ത്രി തന്റെ പിന്തുണ ആവർത്തിച്ചു, സംഘർഷം എത്രയും വേഗം അവസാനിപ്പിക്കേണ്ടതിന്റെയും ശാശ്വത സമാധാനം കണ്ടെത്തേണ്ടതിന്റെയും ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

4. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രത്യേകവും സവിശേഷവുമായ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പിന്തുണ ഇരുനേതാക്കളും ആവർത്തിച്ച് ഉറപ്പിച്ചു. ഈ വർഷത്തിന്റെ അവസാനത്തിൽ നടക്കുന്ന 23-ാമത് വാർഷിക ഉച്ചകോടിയിൽ അദ്ദേഹത്തെ ഇന്ത്യയിൽ സ്വീകരിക്കാൻ കാത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി പ്രസിഡന്റ് പുടിനെ അറിയിച്ചു.

**ടിയാൻജിൻ**

**സെപ്തംബർ 01, 2025**